നിർദ്ദേശങ്ങളും പാലിക്കുവാൻ 3 മാസത്തെ സാവകാശം കൂടി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സ്നേക്ക് പാർക്ക് അധികാരികൾ 21-10-99-ൽ ഒരു നിവേദനം കൂടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആവശ്യമായ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സെൻട്രൽ സൂ അതോറിറ്റി പ്രത്യേകം നോട്ടീസ് അയയ്ക്കുമെന്ന ഉത്തമ വിശ്വാസത്തിലിരുന്നതിനാലാണ് കൂടുതൽ സമയം വേണ്ടിവന്നതെന്നാണ് ഇതിനുള്ള കാരണമായി സ്നേക്ക് പാർക്ക് അധികാരികൾ ബോധിപ്പിച്ചിരുന്നത്. 25-1-2000-ന് മുൻപായി തങ്ങളുടെ കൈവശമുള്ള വന്യമൃഗങ്ങളുടെ നിയമപരമായ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ സ്നേക്ക് പാർക്ക് അധികാരികളുടെ മേൽപ്പടി അപേക്ഷ അനുവദിക്കുകയുണ്ടായി. യാതൊരു കാരണവശാലും ഈ കാലാവധി നീട്ടികൊടുക്കുന്നതല്ലെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്നേക്ക് പാർക്ക് അധികാരികൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച നിയമപരമായ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ 25-1-2000-ന് മുൻപുതന്നെ ഹാജരാക്കേണ്ടിയിരുന്നു. എന്നാൽ നിശ്ചിത കാലവധിക്കുള്ളിൽ സ്നേക്ക് പാർക്ക് അധികാരികൾ സർട്ടിഫിക്കറ്റുകൾ ഒന്നും ഹാജരാക്കുകയുണ്ടായില്ല. ഇതനുസരിച്ച് അപ്പീൽ അധികാരിയായ കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരം പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിന് അംഗീകാരം നിരസിച്ചുകൊണ്ടുള്ള സെൻട്രൽ സൂ അതോറിറ്റിയുടെ നേരത്തെയുള്ള ഉത്തരവ് പ്രാബല്യത്തിൽ വന്നു. അതു നടപ്പാക്കേണ്ടതായും വന്നു. ഇതിൻ പ്രകാരം, നിയമ വിരുദ്ധമായി പ്രവർത്തിച്ചുവന്ന പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. . . . (ബഹളം).....

ശ്രീ. കെ. സുധാകരൻ : സർ, മന്ത്രി ഈ കാര്യം അറിഞ്ഞിട്ടില്ല എന്നാണ് പത്രങ്ങളിൽ വാർത്ത വന്നത്.

ശ്രീ. സി.കെ. നാണു : സർ, ഞാനിവിടെ മറുപടി പറഞ്ഞത് ഇവിടെ അനുവദിച്ച സബ്മിഷനുവേണ്ടിയാണ്. അഭിപ്രായങ്ങൾ ചോദിക്കുന്ന എല്ലാവർക്കും അറിയാം സബ്മിഷൻ ചോദിച്ചാൽ ആ സബ്മീഷന് മാത്രമേ മറുപടിയുണ്ടാവുകയുള്ളുവെന്ന്. സബ്മിഷനല്ലാതെ വേറെ തരത്തിലുള്ള വല്ലതുമാണ് ചോദിച്ചതെങ്കിൽ ആകാവുന്നതുപോലെ എന്റെ പക്കലുള്ള വസ്തുതകൾ വച്ചു പറയാം. അതിനു വിഷമമുണ്ടായിട്ടല്ല. പക്ഷേ സാധാരണ സബ്മിഷൻ ഉന്നയിച്ചാൽ സബ്മിഷന് പുറത്തുള്ള കാര്യങ്ങൾ പറയുന്നത് ശരിയല്ല. അതു കീഴ്വഴക്കമല്ല എന്നാണ് പറഞ്ഞത്.

(7) കൈത്തറിത്തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എൻ. അനിരുദ്ധൻ : സർ, കൈത്തറി വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് സത്വരമായ പരിഹാരം കാണുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നത്. ഈ വിഷയം ഉന്നയിച്ചുകൊണ്ട് എ.ഐ.ടി.യു.സി. യുടെ നേതൃത്വത്തിൽ കൈത്തറി നെയ്ത്തുതൊഴിലാളി ഫെഡറേഷൻ ഇന്നു സെക്രട്ടേറിയറ്റിനുമുൻപിൽ ധർണ്ണ നടത്തുന്നുണ്ട്. കൃഷി കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപജീവനത്തിന് ആശ്രയിക്കുന്ന തൊഴിലാണ് കൈത്തറി വ്യവസായം. കൈത്തറി നെയ്ത്തു വ്യവസായം കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

2.5 ലക്ഷം ആളുകൾ ഈ തൊഴിലിനെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. പാവപ്പെട്ടവരിൽ പാവപ്പെട്ടവരാണ് ഈ രംഗത്ത് പണിയെടുക്കുന്നത്. പട്ടികജാതി -പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, സ്ത്രീകൾ തുടങ്ങിയവരാണ് പ്രധാനമായും കൈത്തറി നെയ്ത്തു വ്യവസായത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നത്. പുത്തൻ സാമ്പത്തിക നയത്തിന്റെ തിക്തഫലങ്ങൾ, അതിന്റെ ദുരിതങ്ങൾ കൈത്തറിത്തൊഴിലാളികൾ ഇന്ന് ആവോളം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതിനെ അതിജീവിക്കുന്നതിനുതകുന്ന നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടേ മതിയാകൂ. സഹകരണമേഖലയിൽ സംഘടിച്ചിട്ടുള്ള 75 ശതമാനം സഹകരണ സംഘങ്ങളും ഇന്ന് അടഞ്ഞുകിടക്കുന്നു. അവർക്ക് ജോലിയില്ല. പലപ്പോഴും പട്ടിണിയിലാണ്. പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തത, മാർക്കറ്റിന്റെ അഭാവം, ഭീമമായ പലിശ, കാലാനുസൃത നവീകരണമില്ലായ്മ എന്നിവയാണ് ഈ വ്യവസായം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ, കോടിക്കണക്കിന് രൂപവില വരുന്ന കൈത്തറിത്തുണികൾ ഹാന്റെക്സിലും കൈത്തറി സംഘങ്ങളിലും കെട്ടിക്കിടക്കുകയാണ്. തന്മൂലം ഉല്പാദനമാന്ദ്യവും തൊഴിലില്ലായ്മയും രൂക്ഷമാകുന്നു. സർക്കാർ സംഘങ്ങൾക്ക് നൽകുവാനുള്ള റിബേറ്റു കുടിശ്ശിക ഉടനടി നൽകണം. പ്രാഥമിക സംഘങ്ങളിൽ നിന്ന് ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് ഹാന്റെക്സിന് പ്രത്യേക സഹായം നൽകണം. പ്രാഥമിക സംഘങ്ങളിലെ സർക്കാർ ഷെയർ പാർട്ടിസിപ്പേഷൻ വർദ്ധിപ്പിക്കണം. സർക്കാർ നിയോഗിച്ച പഠന കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. കൈത്തറിത്തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കണം. മറ്റു വ്യവസായങ്ങളെപ്പോലെ തന്നെ കൈത്തറി രംഗത്തു പ്രവർത്തിക്കുന്ന സ്ത്രീത്തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷാ നടപടികൾ നൽകുന്നതിന് ഗവൺമെന്റ് മുൻകൈയെടുക്കണം. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധപതിപ്പിച്ച് ഈ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഈ സബ്മിഷനിലൂടെ ഉന്നയിക്കപ്പെട്ടിട്ടുള്ള ആറ് ആവശ്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുള്ളതാണ്. കേരളത്തിലെ കൈത്തറി വ്യവസായങ്ങളിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കുന്നതിനും പരിഹാരം കണ്ടെത്തുന്നതിനും അതുമായി ബന്ധപ്പെട്ട നവീകരണം, പുനസ്സംഘടന എന്നിവയെ സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സർക്കാർ നിയോഗിച്ച കമ്മിറ്റി അതിന്റെ റിപ്പോർട്ട് 13-11-2000-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൈത്തറി രംഗത്ത് വിവിധ മേഖലകളുമായി ബന്ധപ്പെട്ട് 42 നിർദ്ദേശങ്ങളാണ് കമ്മിറ്റി നൽകിയത്. ഈ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് നടപ്പിലാക്കേണ്ടവയാണ്. ഇവ നടപ്പിലാക്കേണ്ടതിന്റെ വിശദാംശങ്ങളും അവയ്ക്കാവശ്യമായ സാമ്പത്തിക ബാധ്യത തുടങ്ങിയ കാര്യങ്ങളും സർക്കാർ പരിശോധിക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി കൈത്തറി ഡയറക്ടറോട് വിശദമായ ഒരു പ്രൊപ്പോസൽ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രൈമറി സംഘങ്ങൾക്കും അപ്പെക്സ് സംഘങ്ങൾക്കും കൊടുത്തുതീർക്കാനുണ്ടായിരുന്ന റിബേറ്റിന് ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരുന്ന തുകയ്ക്കുപുറമെ ഫണ്ട് കൂടുതലായി നൽകി. 1995-96 നുശേഷം 34.39 കോടി രൂപ വിതരണം ചെയ്തു. കൂടാതെ 38 കോടി രൂപയിലധികം എം.ഡി.എ.യും വിതരണം ചെയ്തിട്ടുണ്ട്. റിബേറ്റ് കുടിശ്ശിക, 1997-98 വരെയുള്ള കുടിശ്ശിക തിരുവനന്തപുരം ഒഴികെയുള്ള ജില്ലകൾക്ക് പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ട്. ബാക്കിയുള്ള കുടിശ്ശിക ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൊടുത്തുതീർക്കുന്നതാണ്. പ്രാഥമിക കൈത്തറി സംഘങ്ങൾക്കും

LIBRARY ARCHIVES Kerala Legislative Assembly

ഹാന്റെക്സിനും സർക്കാർ നൽകിയിട്ടുള്ള വായ്പകൾ ഓഹരിയായി മാറ്റണമെന്ന ആവശ്യം പ്രസ്തുത സ്ഥാപനങ്ങൾക്ക് ഇത്തരം ഓഹരി പങ്കാളിത്തത്തിനുള്ള അർഹതയും സർക്കാരിന്റെ സാമ്പത്തികസ്ഥിതിയും പരിശോധിച്ച് കൈക്കൊള്ളേണ്ട നടപടികളാണ്. അതു പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ആവശ്യമായ തുണിത്തരങ്ങൾ സംസ്ഥാനത്തെ കൈത്തറി സഹകരണ സംഘങ്ങളിൽ നിന്നും വാങ്ങുന്നതിന് ഇപ്പോൾത്തന്നെ സർക്കാരുത്തരവുകൾ നിലവിലുണ്ട്. ടെന്റർ വ്യവസ്ഥകൾ പാലിക്കാതെ തന്നെ തുണിത്തരങ്ങൾ വാങ്ങാമെന്ന് ഈ ഉത്തരവ് അനുമതി നൽകുന്നുണ്ട്. കമ്പ്യൂട്ടർ ഡിസൈനിംഗ് വരികയാണ്. രണ്ടാഴ്ചയ്ക്കകം അതു നടപ്പിലാക്കുന്നതാണ്. അതിനുള്ള നടപടികൾ പൂർണ്ണമായും നടന്നുവരികയാണ്.

(8) വയനാട് ജില്ലയിൽ റവന്യൂ ഭൂമി കൈവശം വച്ചവർക്ക് പട്ടയം നൽകണമെന്ന ആവശ്യം

[12 Noon] ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, വയനാട് ജില്ലയിൽ ആയിരക്കണക്കിന് ആളുകൾക്ക് റവന്യൂ ഭൂമിയിൽ പട്ടയം കിട്ടാനുണ്ട്. ഇത് നാലഞ്ചു കൊല്ലം മുൻപേ ഇവിടെത്തന്നെ പറഞ്ഞിട്ടുള്ള കാര്യമാണ്. അമ്പലവയൽ ഡെപ്യൂട്ടി തഹസീൽദാരെ അവിടെനിന്നും ഒഴിവാക്കിയശേഷം സുൽത്താൻബത്തേരി തഹസീൽദാർക്ക് അതിന്റെ അധികാരം ഇതുവരെ കിട്ടിയിട്ടില്ല, അതുകൊണ്ട് പട്ടയം കിട്ടുന്നില്ല. 1964 മുതൽ റവന്യൂ ഭൂമിക്ക് നികുതി വാങ്ങിക്കൊണ്ടിരുന്നു. അതിനുശേഷം ഇപ്പോൾ റവന്യൂ ഭൂമിക്ക് നികുതിയും വാങ്ങുന്നില്ല. അതിൽ നിൽക്കുന്ന മരങ്ങളെല്ലാം കൃഷിക്കാർ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ആ മരങ്ങൾ വിൽക്കാൻ സാധിക്കാതെ തേക്ക്, ഈട്ടി എന്നീ മരങ്ങൾ നശിച്ചുകൊണ്ടിരിക്കുകയാണ്. അമ്പലവയൽ ഭൂമി ഒരു എക്സ്സർവീസ്മാന്റെ കൈയിലായിരുന്നു. ആയിരക്കണക്കിന് ഏക്കർ ഭൂമിയിൽ വെട്ടിയ മരങ്ങൾ കിടന്ന് നശിക്കുകയാണ്. അതൊക്കെ എടുത്തുകൊണ്ട് പോകാനുള്ള നടപടികളും എടുത്തിട്ടില്ല. ഏതാണ്ട് ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കാനുണ്ട്. നികുതി വാങ്ങുന്നുണ്ട്. ഇതിനുപുറമേ പത്തു സെന്റോ അതിൽതാഴെയോ ഭൂമിയുള്ള ആളുകൾക്ക് ജനകീയാസൂത്രണത്തിന്റെ ഭാഗമായി കിട്ടേണ്ട ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ല. അതുകൊണ്ട് ഈ ഭൂമികൾക്ക് അടിയന്തിരമായി പട്ടയം കൊടുക്കണം. അതിനുവേണ്ടിയുള്ള പ്രത്യേക ഡിപ്പാർട്ടുമെന്റിൽനിന്ന് (റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന്) ആളെ നിയമിച്ചാൽ മാത്രമേ അവർക്ക് പട്ടയം കൊടുക്കാൻ സാധിക്കുകയുള്ളൂ. അതിനാവശ്യമായ ഉദ്യോഗസ്ഥൻമാരെ അടിയന്തിരമായി നിയമിച്ചു പട്ടയം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, വയനാട് ജില്ലയിൽ ഭൂമി കൈവശംവച്ചവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി നടന്നുവരുന്നുണ്ട്. സാധാരണഗതിയിൽ തടസ്സങ്ങളില്ലാതെ കൊടുക്കാൻ കഴിയുന്ന സ്ഥലങ്ങളിലാണ് ഇപ്പോൾ പട്ടയം നൽകുന്നത്. വനഭൂമിയാണോയെന്ന് തർക്കമുള്ള പ്രദേശങ്ങളിൽ സംയുക്ത സർവേ നടത്തി അതിന്റെയടിസ്ഥാനത്തിൽ പരിശോധനകൾക്ക് വിധേയമായി കൊടുക്കാൻ കഴിയുന്നതാണോ എന്നുപരിശോധിച്ചതിനുശേഷമേ പട്ടയം കൊടുക്കാൻ പറ്റുകയുള്ളൂ. അതിന് കുറച്ച് സമയവും സാവകാശവും വേണ്ടിവരും. റീസർവേ നടത്തിയതിനുശേഷം കുറെയേറെ സ്ഥലങ്ങളിൽ പട്ടയം അനുവദിച്ചു. ഇപ്പോൾ അനുവദിച്ച

LIBRARY ARCHIVES Kerala Legislative Assembly